**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5570 — 24-05-2017 ൽ മറുപടിയ്ക്ക്

## മൃഗങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന അപകടങ്ങളിൽ അഗ്നിശമന സേനയുടെ സേവനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീമതി. പി. അയിഷാ പോറ്റി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | അഗ്നിശമന സേനയുടെ നവീകരണത്തിനായി സർക്കാർ കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമാണ്; | എ) | വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി വിവിധ അഗ്നിശമന, ജീവൻ രക്ഷാ ഉപകരണങ്ങളും, വാഹനങ്ങളും സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2017-2018 ലെ ബജറ്റിൽ ഇതിനായി 40.12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17 ലെ പദ്ധതി വിഹിതം വിനിയോഗിച്ചുകൊണ്ട് ടി ഉപകരണങ്ങളും, വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| ബി) | മൃഗങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചില അപകടങ്ങളിൽ വകുപ്പിന്റെ സേവനം ലഭ്യമാകാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) | അപകടത്തിൽപ്പെടുന്ന വളർത്തു മൃഗങ്ങളെ രക്ഷപ്പെടുത്തുന്നതിന് വകുപ്പ് സേവനം നൽകി വരുന്നു. |
| സി) | സേനയുടെ പെയ്ഡ് സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ? | സി) | സേനയുടെ പെയ്ഡ് സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ഫയർ എഞ്ചിനുകളുടെ സ്റ്റാന്റ് ബൈ ഡ്യൂട്ടി.<br>2) പമ്പിംഗ് സേവനം<br>3) ആംബുലൻസ് സേവനം<br>4) ഡെലിവറി ഹോസുകൾ വാടകയ്ക്ക് നൽകൽ<br>5) പ്രാഥമിക അഗ്നിശമന പരിശീലനം (24 ദിവസം മാത്രം)<br>6) ഫയർ എക്സ്റ്റിംഗ്യൂഷറുകളിലെ പ്രഷർ ടെസ്റ്റ് നടത്തുന്നതിന് |

7) ഫയർ റിപ്പോർട്ടിന്റെ കോപ്പി നൽകുന്നതിന്

8) നിരാക്ഷേപ സാക്ഷ്യപത്ര ഫീസ്

9) സിനിമ ഷൂട്ടിംഗ്

10) കുടിവെള്ളം നൽകൽ

11) റിക്കവറി വാഹനം വാടക

സെക്ഷൻ ഓഫീസർ